2025 MAY
05
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







## അതിവേഗ റഫാൽ പോർവിമാനങ്ങൾ സജ്ജം

# നിർദേശം ലഭിച്ചാലുടൻ തിരിച്ചടിക്കൊരുങ്ങി വ്യോമ, നാവിക സേനകൾ

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച പാകിസ്താന് കനത്ത തിരിച്ചടി നൽകാൻ വ്യോമ, നാവിക സേനകൾ സജ്ജമെന്ന് റിപ്പോർട്ട്. സർക്കാരിന്റെ നിർദേശം ലഭിച്ചാലുടൻ പാകിസ്താന് കനത്ത തിരിച്ചടി നൽകുമെന്ന് പ്രതിരോധ മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി.



കഴിഞ്ഞദിവസം വ്യോമസേനാ മേധാവി എയർ മാർഷൽ എ.പി. സിങ്ങും നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വെവ്വേറെ കണ്ടിരുന്നു. ഈ കൂടികാഴ്ചകളിലാണ് പാകിസ്താനെതിരായ സൈനിക നടപടികൾക്ക് സേനാവിഭാഗങ്ങൾ സജ്ജമാണെന്ന് സേനാമേധാവികൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചത്. കൂടിക്കാഴ്ചയെ സംബന്ധിച്ച് ഔദ്യോഗികമായ വാർത്താക്കുറിപ്പുകൾ സർക്കാർ ഇറക്കിയിട്ടില്ല.

ഇതിനിടെ അതിവേഗ ആക്രമണത്തിന് വ്യോമസേനാ റഫാൽ പോർ വിമാനങ്ങൾ സജ്ജമാക്കിയെന്ന റിപ്പോർട്ടുകളും പുറത്തുവന്നു. റഫാൽ പോർ വിമാനങ്ങളിൽനിന്ന് സ്കാൽപ്പ്, മീറ്റിയോർ, ഹാമ്മർ മിസൈലുകൾ ലക്ഷ്യസ്ഥാനത്തേക്ക് തൊടുക്കാൻ കഴിയും. 450 കിലോ പോർമുന വഹിച്ച് 300 കിലോമീറ്റർ ദൂരത്തിൽ ആക്രമണംനടത്താൻ ശേഷിയുള്ളതാണ് റഫാലിൽനിന്ന് തൊടുക്കാൻകഴിയുന്ന എയർടുഗ്രൗണ്ട് സ്കാൽപ്പ് മിസൈലുകൾ. 120 മുതൽ 150 കിലോമീറ്റർ ദൂരത്തിൽ പ്രഹരിക്കാൻ ശേഷിയുള്ളതാണ് എയർടു എയർ മീറ്റിയോർ മിസൈലുകൾ. പാകിസ്താൻ യുദ്ധവിമാനങ്ങളെ നേരിടാൻ റഫാൽ യുദ്ധവിമാനങ്ങൾക്ക് ഇതിലൂടെ സാധിക്കും.

ഇതിനിടെ പടിഞ്ഞാറൻ മേഖലയിലെ എയർ ബേസുകളിലെ ഓപ്പറേഷൻ റെഡിനെസ്സ് പ്ലാറ്റഫോമുകളുടെ എണ്ണം വ്യോമസേന വർദ്ധിപ്പിച്ചു. ഇതോടെ എപ്പോൾ വേണമെങ്കിലും ടേക് ഓഫ് ചെയ്യാൻ പാകത്തിന് മിസൈലുകൾ ഉൾപ്പടെ സജ്ജമാക്കിയ രണ്ടോ മൂന്നോ പോർ വിമാനങ്ങൾ എയർ ബേസിന് സമീപത്തെ ഈ പ്ലാറ്റ്ഫോമുകളിൽ സജ്ജമാക്കി നിറുത്തിയിരിക്കുകയാണ്. അതിർത്തിയിൽ വ്യോമസേനാ വിമാനങ്ങൾ നിരന്തരം പട്രോളിങ്ങും നടത്തുന്നുണ്ട്.

നാവികസേനയും തിരിച്ചടിക്ക് സജ്ജമായി അറേബ്യൻ കടലിൽ യുദ്ധ കപ്പലുകൾ വ്യന്യസിച്ചിട്ടുണ്ട്. സമുദ്ര പട്രോളിങ് വിമാനങ്ങളും കപ്പൽ സഹായക വിമാനങ്ങളുമുള്ള വെസ്റ്റേൺ ഫ്ലീറ്റിന്റെ എല്ലാ പ്രവർത്തനക്ഷമമായ മുൻനിര യുദ്ധക്കപ്പലുകളും കടലിൽ ഉണ്ടെന്നാണ് റിപ്പോർട്ട്.

## ആയുധ നിർമാണശാലകളിലെ ജീവനക്കാരുടെ ദീർഘകാല അവധികൾ റദ്ദാക്കി; 2 മാസത്തേക്ക് നിയന്ത്രണം

**ന്യൂഡൽഹി:** മ്യൂണിഷൻസ് ഇന്ത്യ ലിമിറ്റഡിനു (എംഐഎൽ) കീഴിലെ പന്ത്രണ്ട് ആയുധ നിർമാണശാലകളിലെ ജീവനക്കാരുടെ ദീർഘകാല അവധികൾ റദ്ദാക്കി. ഉദ്യോഗസ്ഥരുടെ രണ്ടു ദിവസത്തിലധികം വരുന്ന അവധിയാണ് റദ്ദാക്കിയത്. ദീർഘകാല അവധികൾ അനുവദിക്കില്ല. രണ്ടു മാസത്തേക്കാണ് ഈ നിയന്ത്രണമെന്നാണ് വിവരം.




പഹൽഗാം ഭീകരാക്രമണത്തിന്റെയും ഇന്ത്യപാക്കിസ്ഥാൻ സംഘർഷങ്ങൾക്കും പിന്നാലെയാണ് നീക്കം. എന്നാൽ പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തത്തിലല്ല, മറിച്ച്, ഉത്പാദന ലക്ഷ്യം കൈവരിക്കുന്നതിനാണ് ഇത്തരത്തിലൊരു തീരുമാനമെന്നാണ് എംഐഎൽ അറിയിച്ചിരിക്കുന്നത്. ഏപ്രിലിലെ ഉത്പാദനം വിചാരിച്ച പോലെ നടക്കാത്തതിന്റെ കുറവു നികത്താനും വരും സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കേണ്ട ലക്ഷ്യം വലുതായതിനാലുമാണ് ഇത്തരത്തിലൊരു തീരുമാനമെന്നാണ് വിശദീകരണം. ആഗോള കയറ്റുമതി ഓർഡറുകളുടെ സമ്മർദവുമുണ്ട്.

പഹൽഗാമിലെ സംഭവം ജീവനക്കാർക്കിടയിൽ ജാഗ്രതയുണർത്തിയിട്ടുണ്ടെന്ന് എംഐഎൽ പറഞ്ഞു. ആയുധ ഉൽപാദനം വേഗത്തിലാക്കാൻ അടിയന്തര സാഹചര്യമുണ്ടെങ്കിൽ അതു ചെയ്യാൻ കഴിയണമെന്ന് മനസിലാക്കുന്നുണ്ട്. പിനാക മൾട്ടിബാരൽ റോക്കറ്റ് ലോഞ്ചർ, ഐഎഎഫ് ബോംബുകൾ, ആർമർപിയേഴ്സിങ് ടാങ്ക് ആയുധങ്ങൾ, മോർട്ടാർ ബോംബുകൾ, ഹാൻഡ് ഗ്രനേഡുകൾ തുടങ്ങിയവ നിർമിക്കുന്ന യൂണിറ്റുകളാണ് എംഐഎലിനു കീഴിലുള്ളത്.

## ഡാമിന്റെ ഷട്ടർ താഴ്ത്തി, പാക്കിസ്ഥാനിലേക്കുള്ള ജലമൊഴുക്ക് കുറച്ച് ഇന്ത്യ

**ന്യൂഡൽഹി:** പഹൽഗാം ഭീകരാക്രമണത്തിനു ശേഷം പാക്കിസ്ഥാനെതിരെ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി പാക്കിസ്ഥാനിലേക്കുള്ള ജലമൊഴുക്ക് കുറച്ച് ഇന്ത്യ. ചെനാബ് നദിയിലെ ബഗ്ലിഹാർ അണക്കെട്ടിന്റെ ഷട്ടറാണ് ഇന്ത്യ താഴ്ത്തിയത്.



ഇന്റലിജൻസ് റിപ്പോർട്ട് കിട്ടി, തിരച്ചിൽ നിർത്തിയ അന്ന് ഭീകരാക്രമണം; പ്രധാനമന്ത്രിയുടെ പരിപാടി തടസപ്പെടുത്താൻ ലക്ഷ്യമിട്ടു

ഇന്ത്യയുടെ ഈ നീക്കം പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയെ നേരിട്ട് ബാധിക്കും. പഞ്ചാബ് പ്രവിശ്യയിലെ കാർഷിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത് ബഗ്ലിഹാറിൽനിന്നുള്ള ജലമാണ്. ഝലം നദിയിലെ കിഷൻഗംഗ അണക്കെട്ടിന്റെ ഷട്ടറും ഇന്ത്യ താഴ്ത്തിയേക്കുമെന്നും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

തുടർച്ചയായ പത്താംദിവസവും രാത്രി, പാക്കിസ്ഥാൻ വെടിനിർത്തൽ കരാർ ലംഘിച്ച് വെടിയുതിർത്തു. കുപ്‌വാര, ബാരാമുള്ള, പൂഞ്ച്, രജൗരി, മെന്ധർ, നൗഷേര, സുന്ദർബനി, അഖ്നൂർ പ്രദേശങ്ങളിലാണ് വെടിവയ്പ്പുണ്ടായത്. പാക് നടപടിക്ക് തക്ക മറുപടി നൽകിയതായി കരസേന അറിയിച്ചു.

പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ, മുൻ മന്ത്രി ബിലാവൽ ഭൂട്ടോ എന്നിവരുടെ എക്സ് അക്കൗണ്ടുകൾ ഇന്ത്യയിൽ വിലക്കി. നിയമപരാമായ കാരണങ്ങൾകൊണ്ടാണ് ഇവരുടെ അക്കൗണ്ട് നിലവിൽ ഇന്ത്യയിൽ ലഭ്യമല്ലാത്തതെന്നാണ് കാരണമായി എക്സ് അറിയിച്ചിരിക്കുന്നത്.




സൊസൈറ്റി ടുഡേ
SOCIETY TODAY



കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കടന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ' സൗഹൃദ ഗംഗ ' എന്ന പേരിൽ സംഘടിപ്പിച്ച കാൻസർ രോഗത്തെ അതിജീവിച്ചവരുടെ സംഗമത്തിന് കാൻസർ രോഗത്തെ അതിജീവിച്ചവരുടെ പ്രതിനിധിയായി ജീവൻ എന്ന കുട്ടി തിരി തെളിയിക്കുന്നു. ഡോ.വി.പി ഗംഗാധരൻ, ഗൗരി,ചാന്ദ്നി, ദിയ, മനോജ് എന്നിവർ സമീപം

# കാൻസർ മാറാരോഗമല്ല: ഡോ. വി.പി ഗംഗാധരൻ

## കൊച്ചിൻ കാൻസർ സൊസൈറ്റി സൗഹൃദ ഗംഗ സംഘടിപ്പിച്ചു

**കൊച്ചി:** കാൻസർ ഒരിക്കലും ഒരു മാറാരോഗമല്ലെന്നും കാൻസർ പിടിപെട്ടുകഴിഞ്ഞാൽ എല്ലാം അവസാനിച്ചുവെന്നത് മിഥ്യാ ധാരണയാണെന്നും കാൻസർ രോഗ വിദഗ്ദൻ ഡോ. വി.പി ഗംഗാധരൻ പറഞ്ഞു. കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കടന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ കരുതലിന്റെ സ്നേഹസ്പർശം ' സൗഹൃദ ഗംഗ ' എന്ന പേരിൽ സംഘടിപ്പിച്ച കാൻസർ രോഗത്തെ അതിജീവിച്ച കുട്ടികളുടെയും പ്രായമായവരുടെയും സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാൻസറിനെക്കുറിച്ചും കാൻസർ രോഗം ബാധിച്ചവരെക്കുറിച്ചും രോഗമുക്തിനേടിയവരെക്കുറിച്ചുമെല്ലാം ധാരാളം തെറ്റിദ്ധാരണകൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. പലരും വിചാരിക്കുന്നത് കാൻസർ ബാധിച്ചവർ തിരികെ ജീവിതത്തിലേക്ക് മടങ്ങിവന്നാലും അവർക്ക് ഒന്നും ചെയ്യാൻ പ്രാപ്തിയില്ലെന്നാണ് ഇത് തികച്ചും തെറ്റിദ്ധാരണയാണെന്നും അങ്ങനെ ചിന്തിക്കുന്നവർക്കുള്ള സന്ദേശമാണ് കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ വർഷങ്ങളായി സംഘടിപ്പിച്ചുവരുന്ന സൗഹൃദ ഗംഗ എന്ന സംഗമമെന്നും അദ്ദേഹം പറഞ്ഞു. കാൻസർ എന്ന രോഗത്തെ കീഴടക്കി വിജയം നേടിയവരാണ് ഇതിൽ പങ്കെടുത്ത് പാട്ടുപാടുകയും നൃത്തം ചവിട്ടുകയുമൊക്കെ ചെയ്യുന്നത്. രോഗമുക്തി നേടിയതിനു ശേഷം അവർ എല്ലാവരും സാധാരണ ജീവിതം നയിക്കുന്നവരാണ്. കാൻസർ ബാധിച്ചവർ ഒരിക്കലും നിരാശപ്പെടേണ്ട കാര്യമില്ല.മറിച്ച് തങ്ങൾ അതിനെ അതിജീവിക്കുമെന്ന ധൈര്യത്തോടെ മുന്നോട്ടു പോകുകയാണ് വേണ്ടതെന്നുംഡോ. വി.പി ഗംഗാധരൻ പറഞ്ഞു. കാൻസർ രോഗത്തെ അതിജീവിച്ചവരെ പ്രതിനിധീകരിച്ച് ദിയ, മനോജ്, ചാന്ദ്നി, ജീവൻ, ഗൗരി എന്നിവർ ചേർന്ന് ദീപം തെളിയിച്ചതോടെയാണ് സംഗമത്തിന് തുടക്കമായത്.വൈകുന്നേരം അഞ്ചു മണിവരെ നീണ്ടു നിന്ന സംഗമത്തിൽ കാൻസർ രോഗത്തെ അതിജീവിച്ചവരുടെ വിവിധ കലാപരിപാടികൾ നടന്നു. എഡിജിപി പി. വിജയൻ, കൊച്ചി സിറ്റി പോലിസ് കമ്മീഷണർ പുട്ടവിമാലാദിത്യ, റൂറൽ എസ്.പി സതീഷ്, സംവിധായകൻ ജയരാജ്, ചലച്ചിത്രതാരം സഞ്ജു ശിവറാം, വിപിഎസ് ലേക്ക്ഷോർ ആശുപത്രി മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുള്ള, ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാം,ഇന്ദിരാഗാന്ധി സഹകരണ ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ, സെക്രട്ടറി അജയ് തറയിൽ, ഡോ. മോഹൻ മാത്യു, മജീഷ്യൻ സാമ്രാജ്,ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, എഴുത്തുകാരി ചന്ദ്രമതി ടീച്ചർ, വയലിനിസ്റ്റ് ബിജു മല്ലാരി തുടങ്ങിയവരും സംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു.

# കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്റർ സമ്മേളനം സമാപിച്ചു

**കോഴിക്കോട്:** ഹൃദയാരോഗ്യം, അതിനൂതന ഹൃദ്രോഗ ചികിത്സാ സാങ്കേതിക വിദ്യകൾ, നവീകരണം, എന്നിവ ലക്ഷ്യമിട്ട് സംഘടിപ്പിച്ച കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, കേരള ചാപ്റ്ററിന്റെ (സിഎസ്ഐകെ) മൂന്ന് ദിവസത്തെ സമ്മേളനം റാവിസ് കടവ് റിസോർട്ടിൽ സമാപിച്ചു.സിഎസ്ഐകെ പ്രസിഡന്റ് ഡോ. ശിവപ്രസാദ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റും സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ. പി.കെ.അശോകൻ ; സെക്രട്ടറി ഡോ. എസ്.എം. അഷ്റഫ്; ഡോ. രവീന്ദ്രൻ പി; ഓർഗനൈസിംഗ് ചെയർമാൻ ഡോ. ജോൺ എഫ്. ജോൺ; ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. രാജേഷ് മുരളീധരൻ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.



മൂന്ന് ദിവസങ്ങളിലായി 24 ശാസ്ത്രീയ സെഷനുകൾ ഉൾപ്പെ സമ്മേളനത്തിൽ സംസ്ഥാനത്ത് നിന്ന് 250ലധികം വിദഗ്ധ കാർഡിയോളജിസ്റ്റുകളും ഫാക്കൽറ്റികളും പങ്കെടുത്തു.

## ആനന്ദവനം ഭാരതി മഹാരാജ് സ്വാമി നാളെ പാവക്കുളത്ത്

**കൊച്ചി:** ജൂന അഖാഡ മഹാമണ്ഡലേശ്വർ ആനന്ദവനം ഭാരതി മഹാരാജ് സ്വമിയ്ക്ക് കലൂർ പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ നാളെ (മെയ് 06, ചൊവ്വ) സ്വീകരണം നൽകും. വൈകുന്നേരം ആറിന് ക്ഷേത്രത്തിൽ എത്തുന്ന ആനന്ദവനം ഭാരതി മഹാരാജ് സ്വാമിയെ പൂർണ്ണ കുംഭം നൽകിയാണ് സ്വീകരിക്കുക. തുടർന്ന് നടക്കുന്ന സമ്മേളനം എസ്.എൻ.ഡി.പി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യും. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി അധ്യക്ഷത വഹിക്കും. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി ആർ രാജശേഖരൻ, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ തുടങ്ങിയവർ സംസാരിക്കും.

## ആമസോൺ തട്ടിപ്പ്: കെ.വി.വി.ഇ.എസ്‌യൂത്ത് വിംഗ് പ്രതിഷേധ മാർച്ച് ഇന്ന്

**കൊച്ചി :** ഓൺലൈൻ കുത്തകയായ ആമസോണിൽ നിന്നും വ്യാജ ഉൽപ്പന്നങ്ങൾ വാങ്ങി വഞ്ചിതരായ മുഴുവൻ ഉപഭോക്താക്കൾക്കും നഷ്ടപരിഹാരം നൽകണമെന്നും വ്യാജ ഉൽപ്പന്നങ്ങൾ വിറ്റ ആമസോൺ ഗോഡൗൺ അടച്ചു പൂട്ടണമെന്നും ആവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആമസോൺ കളമശേരി ഗോഡണിലേക്ക് ഇന്ന് (05.05.25) മാർച്ച് നടത്തും. കളമശേരി പ്രീമിയർ ജംഗ്ഷിൽ നിന്നും രാവിലെ 11 ന് മാർച്ച് ആരംഭിക്കും. ആമസോണിന്റെ കളമശ്ശേരി ഗോഡൗണിൽ നിന്നും ഇന്ത്യൻ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് (ബിഐഎസ്) അധികൃതർ പിടിച്ചെടുത്ത വ്യാജ ഉത്പന്നങ്ങളുടെ നീണ്ട നിര വെളിപ്പെടുത്തുന്നത് വൻ ഗൂഢാലോചനയും സാമ്പത്തിക തട്ടിപ്പുമാണെന്നും ആമസോൺ കമ്പനിയുടെ ഇന്ത്യയിലെ പ്രവർത്തനാനുമതി റദ്ദാക്കണമെന്നും കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, ജനറൽ സെക്രട്ടറി വിനോ ബേബി, ട്രഷറർ അജ്മൽ കാമ്പായി എന്നിവർ ആവശ്യപ്പെട്ടു.

## പീഡിയാകോൺ'2025 ദേശീയ ശാസ്ത്ര സെമിനാർ: റിസർച്ച് പേപ്പർ അവതരണത്തിൽ ഡോ. ഇ.കെ അയിഷയ്ക്ക് ഒന്നാം സ്ഥാനം




**പാലക്കാട്:** ഇന്ത്യൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസിയേഷൻ പാലക്കാട് സംഘടിപ്പിച്ച 'പീഡിയാകോൺ' 2025 ദേശീയ ശാസ്ത്ര സെമിനാറിൽ റിസർച്ച് പേപ്പർ അവതരണത്തിൽ ഡോ. ഇ.കെ അയിഷ ഒന്നാം സ്ഥാനം നേടി. ഹോമിയോപ്പതി വിദഗ്ധൻ ഡോക്ടർ സപ്തർഷി ബാനർജിയിൽ നിന്നും ഇ.കെ അയിഷ അവാർഡ് ഏറ്റുവാങ്ങി. പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലെ (ഹോമിയോപ്പതി) മെഡിക്കൽ ഓഫീസറാണ് ഡോ:അയിഷ.

2024-25 വർഷത്തെ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയുടെ ക്വാളിറ്റി എം.ഡി. ഡിസർട്ടേഷൻ സ്കോളർഷിപ്പ് അവാർഡ് ജേതാവുമാണ്. കൊളപ്പുറം പാറയിൽ ഇരുകുളങ്ങര മുഹമ്മദിന്റെയും ഖദീജയുടെയും മകളാണ്. ഭർത്താവ് ടി. ഫസലു റഹ്മാൻ മറ്റത്തൂർ, (അധ്യാപകൻ മലബാർ കോളേജ് വേങ്ങര). മക്കൾ ആഹിൽ റഹ്മാൻ, അഷ്മിൻ സാറ.

## കാര്യസ്ഥൻ പ്രകാശനം ചെയ്തു

**കൊച്ചി:** ഫെഫ്ക പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് യൂണിയനിലെ അംഗങ്ങൾ രചിച്ച കഥകളുടെ സമാഹാരമായ 'കാര്യസ്ഥൻ ' എന്ന പുസ്തകം പ്രകാശനം ചെയ്തു.എറണാകുളം കച്ചേരിപ്പടി ആശീർഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചലച്ചിത്രതാരം ആസിഫ് അലി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് യൂണിയൻ പ്രസിഡന്റ് എൻ എം ബാദുഷയ്ക്ക് നല്കിയാണ് പ്രകാശന കർമ്മം നിർവഹിച്ചത്.ഷാജി പട്ടിക്കര എഡിറ്റ് ചെയ്ത് ഈ പുസ്തകത്തിൽ ഷിബു ജി സുശീലൻ,എൻ എം ബാദുഷ,എൽദോ ശെൽവരാജ്,സിദ്ധു പനക്കൽ, ഷാജി പട്ടിക്കര,ജയേഷ് തമ്പാൻ,ഗോകുലൻ പിലാശ്ശേരി,ശ്യാം തൃപ്പൂണിത്തുറ, ബദറുദ്ദീൻ അടൂർ,സാബു പറവൂർ, ഷാഫി ചെമ്മാട്,കല്ലാർ അനിൽ,സുധൻ രാജ്, ഷൈജു ജോസഫ്, തങ്കച്ചൻ മണർകാട്, രാജീവ് കുടപ്പനക്കുന്ന്, ശ്യാം പ്രസാദ്, അസ്‌ലം പുല്ലേപ്പടി,അഷ്റഫ് പഞ്ചാര,ലിജു നടേരി എന്നിവരുടെ ഇരുപത്തിനാല് കഥകളാണ് ഉള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൊച്ചിയിലെ പൊതു ഇടങ്ങളിൽ വായിക്കാൻ വായനാപ്പെട്ടികൾ

**കൊച്ചി :** കൊച്ചി നഗരത്തിലെ പനമ്പിള്ളി നഗറിലുള്ള കോയിത്തറ പാർക്കിൽ വരുന്നവർക്ക് ഇവിടുത്തെ സുഖശീതളമായ കാറ്റേറ്റ് മരച്ചുവട്ടിലിരുന്ന് പുസ്തകങ്ങൾ വായിക്കാൻ ഇനി വായനാപ്പെട്ടിയുമുണ്ട്. ആർക്കും പാർക്ക് തുറക്കുന്ന സമയങ്ങളിൽ ഇവിടെ വരാം. ഇഷ്ടമുള്ള പുസ്തകം എടുക്കാം. മരത്തണലുകളിലിരുന്നുകൊണ്ട് പുസ്തകങ്ങൾ വായിക്കാം. പുസ്തകങ്ങളെപ്പറ്റി ചർച്ചകൾ ചെയ്യാം. തിരികെ പോകുമ്പോൾ ആ പുസ്തകം വായനാപ്പെട്ടിയിൽ തിരികെ വെക്കണമെന്ന് മാത്രം. ഇനി ആർക്കെങ്കിലും പുസ്തകം കൊണ്ടുപോകണമെങ്കിൽ അതിനും വഴിയുണ്ട്; പകരം ഒരു പുസ്തകം ഇവിടെ വച്ചാൽ മതി.

പുതിയ കാലത്തിൻറെ വായനയെ അടയാളപ്പെടുത്തിക്കൊണ്ട് കൊച്ചിയിലെ പൊതുഇടങ്ങളിലും പാർക്കുകളിലും ആശുപത്രികളിലുമെല്ലാം ഇത്തരത്തിൽ പുസ്തകപ്പെട്ടികൾ സ്ഥാപിക്കുകയാണ്. പുസ്തകങ്ങളെ പറ്റി ചർച്ച ചെയ്യാനും എഴുത്തുകാരുമായി സംവദിക്കാനുമായി വായനാക്കൂട്ടങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കും.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും സന്നദ്ധ സംഘടനയായ കൈറ്റ്സ് ഇന്ത്യയും ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതി പുതിയ കാലത്തിന്റെ വായനയെ അടയാളപ്പെടുത്തുകയും, വായനയിലേക്ക് പുതിയ തലമുറയെ കൊണ്ടു വരാനും, വായിച്ച കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയൊരുക്കുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടിയുള്ളതാണ്.

പനമ്പിള്ളി നഗറിലെ കോയിത്തറ പാർക്കിൽ വെച്ച് നഗരസഭ വിദ്യാഭ്യാസ കായിക സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്തിന്റെ അധ്യക്ഷതയിൽ കൊച്ചി കോർപറേഷൻ മേയർ അഡ്വ. എം അനിൽകുമാർ ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആദ്യത്തെ വായനാപ്പെട്ടിയുടെ ഉദ്ഘാടനം ദേശീയ ചലച്ചിത്ര അവാർഡ് ജേതാവും കേരള സാഹിത്യ അക്കാദമി പുരസ്കാരജേതാവുമായിട്ടുള്ള പി.എഫ് മാത്യൂസ് നിർവഹിച്ചു. വാർഡ് കൗൺസിലർ ലതിക ടീച്ചർ സ്വാഗതവും കൈറ്റ്സ് ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജ്മൽ ചക്കരപ്പാടം നന്ദിയും പറഞ്ഞു. നഗരസഭ കൗൺസിലർ പി ആർ റനീഷ്, കൈറ്റ്സ് ഇന്ത്യ മാനേജിംഗ് ഡയറക്ടർ ക്ലെയർ സി ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.സന്നദ്ധ സംഘടനയായ കൈറ്റ്സ് ഇന്ത്യ കൊച്ചി വളണ്ടിയർ ബാങ്കുമായി സഹകരിച്ചുകൊണ്ട് പൊതുജനങ്ങളിൽനിന്ന് പുസ്തക സമാഹരണം നടത്തിയാണ് വായനപ്പെട്ടിയിലേക്ക് വേണ്ട പുസ്തകങ്ങൾ സമാഹരിക്കുന്നത്. താല്പര്യമുള്ള സന്നദ്ധസംഘടനകൾക്കും പൊതുജനങ്ങൾക്കും പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 9745377786 എന്ന നമ്പറിൽ ബന്ധപ്പെടാം.

## സീറോ മലബാർ സഭ: ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ വിശ്വാസ പരിശീലന കമ്മീഷൻ സെക്രട്ടറി

**കൊച്ചി:** സീറോമലബാർസഭയുടെ വിശ്വാസപരിശീലന കമ്മീഷന്റെ പുതിയ സെക്രട്ടറിയായി ചങ്ങനാശേരി അതിരൂപതാംഗമായ ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ, അസി. സെക്രട്ടറിയായി കോതമംഗലം രൂപതാംഗമായ റഫാ. ജോസഫ് കല്ലറക്കൽ എന്നിവരെ നിയമിച്ചു. കഴിഞ്ഞ ആറു വർഷങ്ങളായി കമ്മീഷൻ സെക്രട്ടറിയായി പ്രവർത്തിച്ചുവരികയായിരുന്ന തലശ്ശേരി അതിരൂപതാംഗം ഫാ. തോമസ് മേൽവെട്ടത്ത് കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്നാണ് പുതിയ നിയമനങ്ങൾ. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കൽ ആണ് പെർമെനെന്റ് സിനഡിന്റെ അംഗീകാരത്തോടെ നിയമനങ്ങൾ നടത്തിയിരിക്കുന്നത്.

ചങ്ങനാശേരി അതിരൂപതയുടെ വിശ്വാസപരിശീലന വിഭാഗത്തിന്റെ ഡയറക്ടറായി സേവനം ചെയ്തുവരുമ്പോഴാണ് ഫാ. ആൻഡ്രൂസിന് സഭാകാര്യാലയത്തിലേക്കുള്ള നിയമനം ലഭിക്കുന്നത്. റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽനിന്നു വിശ്വാസപരിശീലന വിഷയത്തിൽ അദ്ദേഹം ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഫാ. ജോസഫ് കല്ലറക്കൽ കോതമംഗലം രൂപതയിൽ വിശ്വാസപരിശീലന വിഭാഗം ഡയറക്ടർ എന്ന ചുമതല തുടർന്നുകൊണ്ടായിരിക്കും സഭയുടെ കേന്ദ്രകാര്യാലയത്തിൽ പുതിയ ഉത്തരവാദിത്വം നിർവഹിക്കുന്നത്.

## ഫെഫ്ക റൈറ്റേഴ്സ് യൂണിയൻ: ബാലചന്ദ്രൻ ചുള്ളിക്കാട് പ്രസിഡന്റ്

**കൊച്ചി:** ഫെഫ്ക റൈറ്റേഴ്സ് യൂണിയനിൽ ബാലചന്ദ്രൻ ചുള്ളിക്കാട് പ്രസിഡണ്ടായി തുടരും.





ബാലചന്ദ്രൻ ചുള്ളിക്കാട്, ബെന്നി പി നായരമ്പലം

ഫെഫ്ക റൈറ്റേഴ്സ് യൂണിയന്റെ പുതിയ പ്രസിഡന്റായി വീണ്ടും ബാലചന്ദ്രൻ ചുള്ളിക്കാട് തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി ബെന്നി പി നായരമ്പലവും ട്രഷറർ ആയി സിബി കെ തോമസും തിരഞ്ഞെടുക്കപ്പെട്ടു.വ്യാസൻ എടവനക്കാട് (കെ.പി വ്യാസൻ ), ഉദയകൃഷ്ണ (വൈസ് പ്രസിഡണ്ട്മാർ),റോബിൻ തിരുമല, സന്തോഷ് വർമ്മ (ജോയിന്റ് സെക്രട്ടറിമാർ), ഉണ്ണികൃഷ്ണൻ ബി,ജിനു വി എബ്രഹാം, ഷാജി കൈലാസ്, ജോസ് തോമസ്,വിനു കിരിയത്ത്,ഗിരീഷ് കുമാർ,കൃഷ്ണകുമാർ കെ, സുരേഷ് പൊതുവാൾ,ശശികല മേനോൻ,ഫൗസിയ അബൂബക്കർ ( എക്സിക്യൂട്ടീവ് കമ്മിറ്റിഅംഗങ്ങൾ) മൂന്നു വർഷമാണ് കാലാവധി. ഭരണസമിതിയിൽ എല്ലാവരും എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടത്.

# പരീക്ഷയ്ക്കിടയിൽ പിതാവിന് കരൾ പകുത്തു നൽകി മകൾ

**കൊച്ചി:** പരീക്ഷയുടെ തയ്യാറെടുപ്പുകൾക്കിടയിൽ കരൾ പകുത്ത് നൽകി പിതാവിന് പുതു ജീവിതം നൽകി മകൾ.കരൾ രോഗ ബാധിതനായി അതീവ ഗുരുതരാവസ്ഥയിലായിരുന്ന കൊടുങ്ങല്ലൂർ സ്വദേശിയായ അജിതനാണ് മകൾ അക്ഷരയുടെ കരൾ സ്വീകരിച്ചത്. ഉത്തർ പ്രദേശിൽ ഡോ. എ.പി.ജെ.അബ്ദുൽ കലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറൻസിക് സയൻസ് & ക്രിമിനോളജിയിലെ അവസാന വർഷ ഫോറൻസിക് സയൻസ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ് അക്ഷര. പരീക്ഷയ്ക്കായുള്ള തയ്യാറെടുപ്പുകൾക്കിടെയാണ് അച്ഛന് രോഗം സ്ഥിരീകരിച്ചത്. ആദ്യം വീടിനു സമീപത്തുള്ള ആശുപത്രിയിൽ ചികിത്സയിലായിരുന്നെങ്കിലും രോഗം ഗുരുതരമായതിനെ തുടർന്ന് ലിസി ആശുപത്രിയിലെ ഗാസ്ട്രോ എൻററോളജി വിഭാഗത്തിലേക്ക് എത്തുകയായിരുന്നു. വിശദമായ പരിശോധന നടത്തിയ ഡോക്ടർമാർ കരൾമാറ്റ ശസ്ത്രക്രിയ വേണമെന്നാണ് നിർദ്ദേശിച്ചത്. കരൾമാറ്റ ശസ്ത്രക്രിയക്ക് മുന്നോടിയായുള്ള പരിശോധന നടത്തിയപ്പോൾ അദ്ദേഹത്തിന്റെ തലച്ചോറിൽ രക്തസ്രാവം കണ്ടെത്തി. ഇങ്ങനെയുള്ള രോഗികളിൽ മൂന്നുമാസത്തിന് ശേഷം ശസ്ത്രക്രിയ നടത്തുന്നതാണ് ഉത്തമം. മാത്രമല്ല മകളുടെ പരീക്ഷ അടുത്തു എന്നുള്ളതും കരൾമാറ്റ ശസ്ത്രക്രിയ നീട്ടിവയ്ക്കാൻ അജിതനെ പ്രേരിപ്പിച്ചു. എന്നാൽ ആശുപത്രി വാസത്തിനിടെ അജിതൻ അതീവ ഗുരുതരാവസ്ഥയിലായതിനെ തുടർന്ന് തലച്ചോറിലെ രക്തസ്രാവം വീണ്ടും ഉണ്ടാകാനുള്ള വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് എത്രയും പെട്ടെന്ന് ശസ്ത്രക്രിയ നടത്തേണ്ട സാഹചര്യമുണ്ടായി. അച്ഛന്റെ ജീവൻ രക്ഷിക്കാൻ തന്റെ പരീക്ഷ തടസമാകരുതെന്നും അത് പിന്നീടൊരവസരത്തിൽ എഴുതാമെന്നും പറഞ്ഞുകൊണ്ട് കരൾ പകുത്തു നൽകുവാൻ അക്ഷര മുന്നോട്ട് വരികയായിരുന്നു. എപ്രിൽ 8ാം തിയതി നടന്ന കരൾമാറ്റ ശസ്ത്രക്രിയക്ക് ശേഷം പൂർണ ആരോഗ്യത്തോടെ അച്ഛനും മകളും ആശുപത്രി വിട്ടു. നിലവിൽ ആശുപത്രിയോടു ചേർന്നുള്ള റസിഡൻസിൽ താമസിക്കുകയാണ് അജിതൻ. ആരോഗ്യം വീണ്ടെടുത്ത അക്ഷരയാകട്ടെ പരീക്ഷയ്ക്കുവേണ്ടിയള്ള തയ്യാറെടുപ്പുകൾ പുനരാരംഭിക്കുകയും ചെയ്തു. ഉത്തർ പ്രദേശിൽ തിരിച്ചെത്തിയ അക്ഷര കഴിഞ്ഞ ദിവസം കരളുറപ്പോടെ പരിക്ഷയെഴുതി. ഇത്രയും വേഗം പൂർണ്ണ ആരോഗ്യത്തിലേക്ക് തിരിച്ചെത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചില്ല എന്നും അച്ചന്റെ അനുഗ്രഹവും പ്രാർത്ഥനയും കൂടെയുള്ളതിനാൽ പരീക്ഷ വളരെ എളുപ്പമായിരുന്നുവെന്നും അക്ഷര പറഞ്ഞു.ലിസി ആശുപത്രി കരൾ രോഗവിഭാഗം തലവൻ ഡോ. ബി. വേണുഗോപാലിൻറെ നേതൃത്വത്തിൽ ഡോ. ഷാജി പൊന്നമ്പത്തയിൽ, ഡോ. കെ. പ്രമിൽ, ഡോ. മിഥുൻ എൻ. കെ ,ഡോ. രാജിവ് കടുങ്ങപുരം, ഡോ. കെ. ആർ. വിഷ്ണുദാസ്, ഡോ. വി. ദീപക്, ഡോ. വിഷ്ണു. എ. കെ. എന്നിവരാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

ഗാസ്ട്രോഎൻററോളജി വിഭാഗം തലവൻ ഡോ. മാത്യൂ ഫിലിപ്പ്, ഡോ. പ്രകാശ് സക്കറിയാസ്, ഡോ. ഷിബി മാത്യു,ഡോ. ഹാസിം അഹമ്മദ് എന്നിവരും ചികിത്സയിൽ പങ്കാളികളായിരുന്നു.

ഉത്തർ പ്രദേശിലേക്ക് തിരികെപോയ അക്ഷരയെ ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർമാരായ ഫാ.റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി.ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ എന്നിവർ ചേർന്നാണ് യാത്രയാക്കിയത്.





നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 കേന്ദ്ര ഭക്ഷ്യ, പൊതുവിതരണ വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പ്രമോദ് അജയ്, മാത്യു അബ്രാഹം, ഗൗരി വത്സ, സോണിയ സെബാസ്റ്റ്യൻ, അഡ്വ. കെ.ജി അനിൽകുമാർ, ജുവൻ കാർലോസ് മാർസൻ അഗ്യുലേറ,അപുലെനി ഐറിൻ നമാതമ അക്കുംബെൽവ, ക്രിസ്റ്റീന, ഡോ. രാജശ്രീ അജിത് തുടങ്ങിയവർ സമീപം.

# വികസിത ഭാരതം ലക്ഷ്യം: കേന്ദ്രമന്ത്രി ബി. എൽ വർമ്മ

## ടോക് ഷോ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു

**കൊച്ചി:** വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് കേന്ദ്രസർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര ഭക്ഷ്യ, പൊതുവിതരണ വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മ പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാല് മന്ത്രാലയങ്ങളുടെയും, 20 വിദേശ എംബസികളുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 'അങ്കമാലി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അതിവേഗം വികസനത്തിന്റെ പാതയിൽ മുന്നോട്ടു ചലിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തെ സ്വാതന്ത്രത്തിന്റെ നൂറാം വർഷം (2047 ൽ ) സമ്പൂർണ്ണ വികസിത രാജ്യമാക്കി മാറ്റാനുള്ള ശ്രമങ്ങളാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഭാരതത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ക്ഷേമവും ഐശ്വര്യവും ലഭ്യമാകുകയെന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന്റെ ഭാഗമായിട്ടാണ് എൻ.ഐ.ഡി.സി.സി യുടെ നേതൃത്വത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതെന്നും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളുടെ പ്രയോജനം സാധാരണക്കാരിലേക്ക് എത്തണമെന്നും അദ്ദേഹം പറഞ്ഞു. എൻ.ഐ.ഡി.സി.സി ലെന്റിംഗ് പാർട്ണറും ഐസിഎൽ ഫിൻകോർപ്പ് സി.എം.ഡിയുമായ അഡ്വ. കെ.ജി അനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.ക്യൂബൻ അംബാസിഡർ ജുവൻ കാർലോസ് മാർസൻ അഗ്യുലേറ, സാംബിയ പ്രതിനിധി അപുലെനി ഐറിൻ നമാതമ അക്കുംബെൽവ, ഇക്വഡോർ പ്രതിനിധി ക്രിസ്റ്റീന, എൻ. ഐ.ഡി.സി ചെയർമാൻ കെ. ജയരാമൻ, വൈസ് ചെയർപേഴ്സൺ ഗൗരി വത്സ, ഡെപ്യൂട്ടി ഡയറക്ടർ സോണിയ സെബാസ്റ്റ്യൻ, ഐസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രാജശ്രീ അജിത്, എൻ. ഐ.ഡി.സി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി ഡോ. പ്രമോദ് അജയ്, ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ മാത്യു അബ്രാഹം തുടങ്ങിയവർ സംസാരിച്ചു. എക്സിബിഷന്റെ ഭാഗമായി നടത്തുന്ന ടോക് ഷോയുടെ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിച്ചു. എക്സിബിഷന്റെ ഭാഗമായി പുറത്തിറക്കുന്ന ഇൻഡ് ആപ്പിന്റെ ഉദ്ഘാടനം എക്സിബിഷന്റെ സമാപന ദിവസമായ നാളെ (05.05.2025, തിങ്കൾ) കേന്ദ്ര കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ നിർവ്വഹിക്കുമെന്ന് എൻ.ഐ.ഡി.സി.സി മീഡിയ കോർഡിനേറ്റർ ബൈജു തോമസ് അറിയിച്ചു.




നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 ഉദ്ഘാടനം ചെയത് കേന്ദ്ര ഭക്ഷ്യ, പൊതുവിതരണ വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മയ്ക്ക് എൻ.ഐ.ഡി.സി.സി ലെന്റിംഗ് പാർടണറും ഐസിഎൽ ഫിൻകോർപ്പ് സി.എം.ഡിയുമായ അഡ്വ. കെ.ജി അനിൽകുമാർ ഉപഹാരം സമ്മാനിക്കുന്നു. ഡോ. പ്രമോദ് അജയ്, കെ. ജയരാമൻ, മാത്യു അബ്രാഹം, സോണിയ സെബാസ്റ്റിയൻ, ജുവൻ കാർലോസ് മാർസൻ അഗ്യുലേറ,അപുലെനി ഐറിൻ നമാതമ അക്കുംബെൽവ, ക്രിസ്റ്റീന, ഡോ. രാജശ്രീ അജിത് തുടങ്ങിയവർ സമീപം.

# ഇൻഡെക്സ് 2025 ഇന്ന് സമാപിക്കും

## കേന്ദ്ര ക്യാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ ഇൻഡ് ആപ്പ് ലോഞ്ച് ചെയ്യും

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാല് മന്ത്രാലയങ്ങളുടെയും, 20 വിദേശ എംബസികളുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 ' ഇന്ന് (മെയ് 05. തിങ്കൾ)സമാപിക്കും. വൈകുന്നേരം 04.30 ന് നടക്കുന്ന സമാപന സമ്മേളനം കേന്ദ്ര കാബിനറ്റ് മന്ത്രി ചിരാഗ് പാസ്വാൻ ഉദ്ഘാടനം ചെയ്യും. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി മുഖ്യ അതിഥിയായിരിക്കും. ബിസിനസ് രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച ജെസ്പെയ്ഡ് റിയൽഎസ്റ്റേറ്റ് ആന്റ് സിൽവർലീഫ് ബിൽഡേഴ്സ് മാനേജിംഗ് ഡയറക്ടർ നിഷാദ് അബൂബക്കറിനെയും ഡയറക്ടർ നിസാർ അബൂബക്കറിനെയും ചടങ്ങിൽ ആദരിക്കും. രാജ്യത്തെ വ്യവസായ പുരോഗതിക്കായി നൂതന സാങ്കേതിക വിദ്യയോടെ രൂപീകരിച്ച ' ഇൻഡ് ആപ്പ് ന്റെ ലോഞ്ചും ചടങ്ങിൽ കേന്ദ്ര ക്യാബിനറ്റ് മന്ത്രി നിർവ്വഹിക്കും.

കേന്ദ്രസർക്കാരിന്റെ എംഎസ്എംഇ പദ്ധതികളുടെ വിവരങ്ങളടങ്ങിയ ഹാൻഡ് ബുക്കിന്റെ പ്രകാശനം ഇന്നലെ (മെയ് 04, ഞായർ) നടന്ന ചടങ്ങിൽ പി.വി ശ്രീനിജൻ എംഎൽഎ നിർവ്വഹിച്ചു. ജനറൽ അഫയേഴ്സ് ഡയറക്ടർ ഉണ്ണികൃഷ്ണൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ വിശാൽ ശർമ്മ, എൻ ഐ ഡി സി സി വൈസ് ചെയർപേഴ്സൺ ഗൗരി വത് സ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എംഎസ്എംഇപദ്ധതികളുടെ നടത്തിപ്പിന് പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പി.വി ശ്രീനിജൻ പറഞ്ഞു.

മെയ് രണ്ട് മുതൽ അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ ആരംഭിച്ച എക്സിബിഷനിൽ മിനിസ്ട്രി ഓഫ് മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എംഎസ്എംഇ), മിനിസ്ട്രി ഓഫ് ഫുഡ് പ്രൊസസിംഗ് ഇൻഡസ്ട്രി (എംഒഎഫ്പിഐ), വാണിജ്യ മന്ത്രാലയം, മിനിസ്ട്രി ഓഫ് ഫിഷറീസ്, ആനിമൽ ഹസ്ബൻട്രി ആന്റ് ഡയറിംഗ് എന്നീ മന്ത്രാലയങ്ങളാണ് പങ്കെടുക്കുന്നത്.

ഐസിഎൽ ഫിൻകോർപ്പ് ആണ് ലെന്റിംഗ് പാർട്ണർ. 200 ലധികം ബിസിനസ് ആന്റ് റീട്ടെയിൽ ചെയിനുകൾ, മുഖ്യധാരാ ബാങ്കുകൾ അടക്കം 20 ലധികം ധനകാര്യ സ്ഥാപനങ്ങൾ വിവിധ രാജ്യങ്ങളിലെ സർക്കാർ പ്രതിനിധികൾ എന്നിവർ എക്സിബിഷനിൽ പങ്കെടുക്കുന്നുണ്ട്. 250 ലധികം സ്റ്റാളുകളാണ് എക്സിബിഷനിൽ ഉള്ളത്.



നാഷണൽ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കൗൺസിൽ കമ്മിറ്റി (എൻ.ഐ.ഡി.സി.സി) സംഘടിപ്പിക്കുന്ന ഇൻഡ്യൻ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് എക്സിബിഷൻ ' ഇൻഡെക്സ് 2025 ' ൽ കേന്ദ്രസർക്കാരിന്റെ എംഎസ്എംഇ പദ്ധതികളുടെ വിവരങ്ങളടങ്ങിയ ഹാൻഡ് ബുക്കിന്റ പ്രകാശനം പി.വി ശ്രീനിജൻ എംഎൽഎ നിർവ്വഹിച്ചപ്പോൾ. ജനറൽ അഫയേഴ്സ് ഡയറക്ടർ ഉണ്ണികൃഷ്ണൻ നായർ, ഡെപ്യൂട്ടി ഡയറക്ടർ വിശാൽ ശർമ്മ, എൻ ഐ ഡി സി സി വൈസ് ചെയർപേഴ്സൺ ഗൗരി വത്സ എന്നിവർ സമീപം

# മികച്ച താരനിരയും പുതുക്കിയ റേസ് മെഷീനുകളുമായി പെട്രോണാസ് ടിവിഎസ് റേസിങ് ദേശീയ ചാമ്പ്യൻഷിപ്പിന്

**കൊച്ചി:** മുൻനിര റേസർമാർക്കാപ്പം മെച്ചപ്പെടുത്തിയ റേസിങ് മെഷീനുകളും ഉൾപ്പെടുത്തി ഇന്ത്യൻ റേസിങ് രംഗത്തെ അതികായരായ പെട്രോണാസ് ടിവിഎസ് റേസിങ് ഇന്ത്യൻ നാഷണൽ റാലി ചാമ്പ്യൻഷിപ്പ് (ഐഎൻആർസി) 2025 സീസണിന്റെ ആദ്യ റൗണ്ടിനൊരുങ്ങുന്നു. മെയ് നാലിന് നാസിക്കിലാണ് ചാമ്പ്യൻഷിപ്പിന്റെ ആദ്യ റൗണ്ട് തുടങ്ങുന്നത്. നാല് പതിറ്റാണ്ടിന്റെ പാരമ്പര്യമുള്ള റേസിങ് മികവിന്റെ പിൻബലത്തിൽ പുതിയ സീസണിൽ ഇറങ്ങുന്ന പെട്രോണാസ് ടിവിഎസ് റേസിങ്ങിന് കഴിഞ്ഞ മത്സരങ്ങളിലെല്ലാം 80% വിജയ നിരക്കുണ്ട്.




അടിമുടി മാറ്റം വരുത്തിയ റേസിങ് മെഷീനുകളുമായാണ് പെട്രോണാസ് ടിവിഎസ് റേസിങ് ടീം ഇത്തവണ ഇറങ്ങുന്നത്. ഡാക്കർ റാലി പോലുള്ള ആഗോള പ്രീമിയർ ചാമ്പ്യൻഷിപ്പുകളിൽ നിന്ന് പാഠങ്ങളുൾക്കൊണ്ട് മെച്ചപ്പെടുത്തിയ മിഡ്റേഞ്ച്ടോപ്പ്എൻഡ് പ്രകടനത്തോടെ വേഗത്തിലുള്ള കോർണറിങ് ആക്സിലറേഷൻ, ഉയർന്ന ശരാശരി വേഗത, മെച്ചപ്പെട്ട റാലി സ്റ്റേജ് ടൈമിങ് എന്നിവ നൽകുന്ന വിധത്തിലാണ് പുതിയ മാറ്റങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്.സൂപ്പർ ബൈക്ക്, സൂപ്പർ സ്പോർട്, വിമൺ, സ്കൂട്ടേഴ്സ് ക്ലാസുകളിലെ മികച്ച റൈഡർമാർ ഉൾപ്പെടുന്നതാണ് പെട്രോണാസ് ടിവിഎസ് റേസിങ് നിര. അബ്ദുൾ വാഹിദ്, രാജേന്ദ്ര ആർ.ഇ, സാമുവൽ ജേക്കബ് എന്നിവരാണ് സൂപ്പർ ബൈക്ക് പ്രോ എക്സ്പേർട്ട് ഗ്രൂപ്പ് എയിലുള്ളത്. ഇമ്രാൻ പാഷ, ബന്തെയ്‌ലാങ് ജൈർവ, സച്ചിൻ ഡി എന്നിവർ സൂപ്പർ സ്പോർട് 260 ഗ്രൂപ്പ് ബിയിലും, ഐശ്വര്യ പിസ്സെ വിമൺ ക്ലാസ് ഗ്രൂപ്പ് ബിയിലും ഉൾപ്പെടുന്നു. 210 സിസി വരെയുള്ള സ്കൂട്ടേഴ്സ് ഗ്രൂപ്പ് ബിയിൽ ആസിഫ് അലി, ഷമിം ഖാൻ, കാർത്തിക് എൻ എന്നിവരാണ് ടീമംഗങ്ങൾ.

പെട്രോണാസ് ടിവിഎസ് റേസിങ്ങിൽ ഓരോ സീസണും തങ്ങളുടെ തുടർച്ചയായ മികവിന്റെ ഒരു പുതിയ അധ്യായമാണെന്ന് ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് മേധാവി വിമൽ സംബ്ലി പറഞ്ഞു. നാല് പതിറ്റാണ്ടുകളുടെ റേസിങ് പാരമ്പര്യത്തിന്റെ പിൻബലത്തിൽ അത്യാധുനിക മെഷീനുകൾ, ലോകോത്തര കഴിവുകൾ, മികച്ച പ്രകടനം കാഴ്ചവയ്ക്കാനുള്ള അഭിനിവേശം എന്നിവയാൽ നയിക്കപ്പെടുന്ന ഒരു വിജയകരമായ സംസ്കാരം ഞങ്ങൾ കെട്ടിപ്പടുത്തിട്ടുണ്ട്. അന്താരാഷ്ട്ര പ്രോഗ്രാമുകൾക്ക് കീഴിൽ പരിശീലനം ലഭിച്ച മികച്ച റൈഡർ നിരയ്ക്കൊപ്പം ഐഎൻആർസി 2025നുള്ള തങ്ങളുടെ അപ്ഗ്രേഡഡ് റാലി ബൈക്കുകൾ ഈ പ്രതിബദ്ധതയുടെ പ്രതിഫലനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

# എന്റെ കേരളം പ്രദർശന വിപണന മേള: 251 സ്റ്റാളുകൾ ഒരുങ്ങും

**കൊച്ചി:** സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയിൽ ഒരുങ്ങുന്നത് 251 സ്റ്റാളുകൾ. വികസന നേട്ടങ്ങളുടെ നാൾ വഴികളും സേവനങ്ങളും നേരിട്ടറിയാനുള്ള അവസരം മേളയിൽ ഒരുങ്ങും.

മേളയിൽ സ്റ്റാൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സബ് കളക്ടർ കെ മീരയുടെ അധ്യക്ഷതയിൽ നോഡൽ ഓഫീസർമാരുടെ യോഗം ചേർന്നു. സർക്കാർ വകുപ്പുകളിൽ ലഭിക്കുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ ഓരോ വകുപ്പുകളുടെയും സ്റ്റാളുകൾ ക്രമീകരിക്കണമെന്ന് യോഗത്തിൽ സബ് കളക്ടർ പറഞ്ഞു.

എ ഐ സാധ്യതകൾ അടക്കം പ്രയോജനപ്പെടുത്തി സ്റ്റാളുകൾ ക്രമീകരിക്കണം. വകുപ്പുകളുടെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ ജില്ലയിൽ നിന്നും മികച്ച പ്രകടനം കാഴ്ചവയ്ക്കണമെന്നും യോഗത്തിൽ ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എ നജീബ് പറഞ്ഞു.

പ്രദർശന വിപണന മേളയിൽ വിവിധ വകുപ്പുകളുടെ 251 തീം, വാണിജ്യ സ്റ്റാളുകൾ ഉണ്ടാകും. സ്റ്റാളുകളുടെ നിർമ്മാണം മെയ് 16നകം പൂർത്തീകരിച്ച് അതത് വകുപ്പുകൾക്ക് കൈമാറും. ജില്ലയിൽ മെയ് 17 മുതൽ 23 വരെയാണ് മേള സംഘടിപ്പിക്കുന്നത്. രാവിലെ 9 മുതൽ രാത്രി 10 വരെ മേള നടക്കും. പ്രദർശന വിപണന മേളയോടൊപ്പം സെമിനാറുകൾ, സംവാദങ്ങൾ, കലാപരിപാടികൾ എന്നിവയും സംഘടിപ്പിക്കും. പ്രവേശനം സൗജന്യം.

മേളയോട് അനുബന്ധിച്ച് മെയ് ഏഴിന് രാവിലെ 10.30 ന് കാക്കനാട് കിൻഫ്ര കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രിയുടെ യോഗം ചേരും.

കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ ചേർന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ ബി ബിജു, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ കെ മനോജ്, വിവിധ വകുപ്പ് നോഡൽ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

# മൂവാറ്റുപുഴ കാർഷികോത്സവത്തിന് തുടക്കമായി

**മൂവാറ്റുപുഴ:** കാർഷികവൃത്തിയെകുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ കാലഘട്ടത്തിന്റെ അനിവാര്യതയെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ . ഇ.ഇ. സി മാർക്കറ്റിൽ നടക്കുന്ന മൂവാറ്റുപുഴ കാർഷികോത്സവം 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ പാരമ്പര്യത്തെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് കൃഷി. കർഷകരുടെ മുന്നിലുള്ളത് പരിമിതമായ സാധ്യതകളാണ്. കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധത ഉൽപ്പന്നങ്ങൾ ആക്കാൻ കഴിയും എന്നുള്ള ബോധ്യം കർഷകരിൽ ഉണ്ടാക്കേണ്ടത് ആവശ്യമാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

മാത്യു കുഴൽനാടൻ എം.എൽ.എ പരിപാടിയിൽ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മനോജ് മൂത്തേടൻ,ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ ജി രാധാകൃഷ്ണൻ, മൂവാറ്റുപുഴ നഗരസഭ ചെയർമാൻ പി പി എൽദോസ്, മുൻ എംഎൽഎ ബാബു പോൾ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഉല്ലാസ് തോമസ്, കേരള ബാങ്ക് ജനറൽ മാനേജർ ജോളി ജോൺ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷേർലി സക്കറിയ. ഫിനാൻസ് കമ്മിറ്റി ചെയർമാൻ റിയാസ് ഖാൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ടി.വി പ്രശാന്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കൗൺസിലർമാർ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരെ അനുസ്മരിച്ചു.

കൃഷിവകുപ്പ്, ജില്ലാ ഭരണകൂടം, ഡി.റ്റി. പി.സി, കുടുംബശ്രീ, മൂവാറ്റുപുഴ നഗരസഭ, ഗ്രാമപഞ്ചായത്തുകൾ എന്നിവരുടെ സഹകരണത്തോടെയാണ്കാർഷിക വ്യാപാര വിപണനമേള മൂവാറ്റുപുഴ കാർഷികോത്സവ് 2025 ഒരുക്കുന്നത്. പത്ത് ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന മേളയോട് അനുബന്ധിച്ച് വിപുലമായ പരിപാടികളാണ് അരങ്ങേറുന്നന്നത്. േ

# ഏഥർ എനർജി ഐപിഒയ്ക്ക് മുന്നേറ്റം

**കൊച്ചി:** 2026 സാമ്പത്തിക വർഷത്തെ ഇന്ത്യൻ മെയിൻബോർഡ് ഐപിഒ സീസണിന് ഏഥർ എനർജി പുത്തൻ ഉണർവേകുന്നു.പുതുതലമുറയിൽപ്പെട്ടതും യൂണികോൺ കമ്പനിയും ഇന്ത്യയിലെ പ്രീമിയർ പ്യൂർപ്ലേ ഇവി നിർമാതാക്കളുമായ ഏഥർ എനർജി, ഭൗമരാഷ്ട്രീയ കോലാഹലങ്ങൾക്കും അസ്ഥിരമായ ഓഹരി വിപണികൾക്കുമിടയിൽ റീട്ടെയിൽ നിക്ഷേപകരുടെ പ്രതികരണവും (ഏകദേശം 562 കോടി രൂപ) എച്ച്എൻഐഎൻഐഐ നിക്ഷേപകരുടെ പ്രതികരണവും (309 കോടി രൂപ) ഉൾപ്പെടെ 871 കോടി രൂപയിലധികം നേടിക്കൊണ്ട് 2026 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ മെയിൻബോർഡ് ഐപിഒ സീസണിന് തുടക്കമിട്ടു.

# ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ബിസിനസുമായി കൈകോർത്ത് കേരള ബ്ലാസ്റ്റേഴ്സ്

**കൊച്ചി;** രാജ്യത്തെ മുൻനിര സ്പോർട്സ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആയ ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ബിസിനസുമായി പങ്കാളിത്തം പ്രഖ്യാപിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. കായിക വിദ്യാഭ്യാസ രംഗത്തെ ജിഐഎസ്ബിയുടെ അനുഭവ പരിചയവും, ഇന്ത്യയിലെ വളർന്നുകൊണ്ടിരിക്കുന്ന ഫുട്ബോൾ ഇക്കോസിസ്റ്റത്തിൽ കേരള ബ്ലാസ്റ്റേഴ്സിനുള്ള ആഴത്തിലുള്ള വൈദഗ്ധ്യവും സംയോജിപ്പിച്ചുകൊണ്ട് പുതു തലമുറ സ്പോർട്സ് പ്രൊഫഷണലുകളെ വാർത്തെടുക്കുവാനാണ് ഈ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതുവഴി നേരിട്ടുള്ള അനുഭവ പരിചയം വിദ്യാർത്ഥികൾക്ക് ലഭ്യമാകും. സ്പോർട്സ് മാനേജ്മെന്റിന്റെ വിവിധ മേഖലകളിൽ കഴിവുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിനായി ക്ലബ് പ്രധാന പങ്ക് വഹിക്കുമെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സിഇഒ അഭിക് ചാറ്റർജി പറഞ്ഞു.

കളിക്കളത്തിലെ പ്രതിഭയിൽ മാത്രമല്ല, ഇന്ത്യൻ ഫുട്ബോളിന്റെ ഭാവി രൂപപ്പെടുത്തുന്നതിലും നിക്ഷേപം ആവശ്യമാണെന്ന് കേരള ബ്ലാസ്റ്റേഴ്സ് വിശ്വസിക്കുന്നു. വരും തലമുറ സ്പോർട്സ് പ്രൊഫഷണലുകളെ വളർത്തിക്കൊണ്ടുവരുവാനാണ് ജിഐഎസ്ബിയുമായുള്ള ഞങ്ങളുടെ പങ്കാളിത്തത്തിന്റെ ലക്ഷ്യം. ഒരുമിച്ച് കൂടുതൽ പുരോഗമനപരവും, നൂതനവും, എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഫുട്ബോൾ ഭാവിയ്ക്കായി ഞങ്ങൾ അടിത്തറയിടുകയാണെന്നും അഭിക് ചാറ്റർജി പറഞ്ഞു.

ഇന്ത്യൻ കായിക മേഖലയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ നിർണായക ചുവടുവയ്പ്പാണ് കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായുള്ള തങ്ങളുടെ പങ്കാളിത്തമെന്ന് ജിഐഎസ്ബിയുടെ ചാൻസലർ ഗൗരവ് മോഡ്വെൽ പറഞ്ഞു.ജിഐഎസ്ബിയുടെ അക്കാദമിക മികവും ഒപ്പം ഇന്ത്യയിലെ മികച്ച ഫുട്ബോൾ ക്ലബുകളിലൊന്നിന്റെ അനുഭവ സമ്പത്തും ഒരുമിച്ച് ചേരുന്നതിലൂടെ, ഭാവിയിലെ കായിക പ്രൊഫഷണലുകളെ പ്രത്യേകിച്ച് കേരള ഫുട്ബോൾ ആരാധകരിൽ നിന്നും വളർന്നുവരുന്നവരെ, ആവശ്യമായ അവസരങ്ങൾ നൽകിക്കൊണ്ട് വരും തലമുറയിലെ മാനേജർമാരും ലീഡേഴ്സുമാകാൻ സജ്ജരാക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നും ഗൗരവ് മോഡ്വെൽ പറഞ്ഞു.

# രശ്മിക മന്ദാന ക്രോക്സ് ആഗോള അംബാസഡർ



**കൊച്ചി:** പ്രമുഖ പാദരക്ഷാ ബ്രാൻഡായ ക്രോക്സിന്റെ ആഗോള അംബാസിഡറായി സിനിമാതാരം രശ്മിക മന്ദാനയെ തിരഞ്ഞെടുത്തു. ഇതോടെ രശ്മിക ക്രോക്സിന്റെ 360ഡിഗ്രി കാമ്പെയ്ൻ ഡിജിറ്റൽ, സോഷ്യൽ, റീട്ടെയിൽ, എക്സ്ക്ലൂസീവ് ബ്രാൻഡ് അനുഭവങ്ങൾ എന്നിവയുടെ ഭാഗമാകും കൂടാതെ, ബേ ക്ലോഗ് പോലുള്ള നവീനമായ സിലൗട്ടുകൾ, മിസ്റ്റിക് പർപ്പിൾ, ഡെയ്‌ലിലി തുടങ്ങിയ ക്ലാസിക്കുകളിലും ക്രഷുകളിലും പുതിയ വർണ്ണാഭമായ ലുക്കുകൾ എന്നിവയും കമ്പനി അവതരിപ്പിക്കും. ഇന്ത്യയിലുടനീളമുള്ള തിരഞ്ഞെടുത്ത ക്രോക്സ് സ്റ്റോറുകളിലോ ര്യീരഹ.ശി, മന്ത്ര എന്നിവയിലൂടെ ഓൺലൈനായോ പുതിയ സ്റ്റൈലുകൾ ഇപ്പോൾ ലഭ്യമാണെന്ന് കമ്പനി അറിയിച്ചു.ഇന്ത്യയിലുടനീളം രശ്മികയ്ക്കുള്ള പ്രശസ്തിയും സ്വീകാര്യതയുമാണ് അവരെ അംബാസിഡറായി തിരഞ്ഞെടുക്കുന്നതിന് കാരണമായതെന്ന് ക്രോക്സ് ഇന്റർനാഷണൽ മാർക്കറ്റിംഗ് മേധാവി യാൻ ലെ ബോസെക് പറഞ്ഞു.




# തൃശ്ശൂർ പൂരത്തിൽ ഈസ്റ്റേണിന്റെ 'പെൺ പൂരം'

**തൃശ്ശൂർ:** ആനച്ചന്തവും വാദ്യമേളവും വർണ്ണപ്പകിട്ടാർന്ന കുടമാറ്റവുമായി കേരളത്തിന്റെ സാംസ്കാരിക പ്പെരുമ വിളിച്ചോതുന്ന തൃശ്ശൂർ പൂരത്തിൽ ഇത്തവണ പെൺസാന്നിധ്യം കൊണ്ട് കൂടുതൽ ശ്രദ്ധേയമാകുകയാണ്. ഈ ആഘോഷത്തിന് മാറ്റു കൂട്ടുന്ന വനിതകളെ ആദരിക്കാനായി ഈസ്റ്റേൺ ഇക്കുറി ഒരുക്കുന്ന 'ഈസ്റ്റേൺ പെൺ പൂരം' വ്യത്യസ്തമായ ഒരു ശ്രമമാണ്. പൂരത്തിന്റെ ഓരോ ചുവടുകളിലും തങ്ങളുടെ കഴിവുകൾ തെളിയിക്കുന്ന സ്ത്രീകളെ ഈ സംരംഭത്തിലൂടെ ആദരിക്കുകയാണ് ഈസ്റ്റേൺ.

'ഈസ്റ്റേൺ പെൺ പൂരം' പരിപാടിയുടെ ഭാഗമായി സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അവർക്ക് പിന്തുണ നൽകാനും ഈസ്റ്റേൺ വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ടവയാണ് 'പെൺ പൂരം സെൽഫി സ്പോട്ട്', അതുപോലെ സ്ത്രീകൾക്ക് വിശ്രമിക്കാനും പൂരത്തിന്റെ ആഘോഷങ്ങൾ സുരക്ഷിതമായി ആസ്വദിക്കാനും സാധിക്കുന്ന 'പെൺ ഇടം' എന്നിവ. ഇതിന്റെ ഭാഗമായി പൂരനഗരിയിലെ ഈസ്റ്റേൺ പെൺ പൂരം പ്രദർശന സ്റ്റാൾ ഈസ്റ്റേൺ എ വി പി സെയിൽസ് ലൗലി ബേബിയും പ്രസിദ്ധ കുറുങ്കുഴൽ വാദകയുമായ ഹൃദ്യ കെ. സുധീഷും ചേർന്ന് നിർവഹിച്ചു. ഈ വർഷത്തെ പൂരത്തിൽ കുറുങ്കുഴൽ വാദനത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഹൃദ്യ കെ. സുധീഷിന്റെ ജീവിതയാത്രയെ ആസ്പദമാക്കി ഈസ്റ്റേൺ നിർമ്മിച്ച ഹൃദ്യമായ ഡോക്യുമെന്ററിയും പ്രദർശിപ്പിക്കും. 'കേരളത്തിലെ ഏറ്റവും വലിയ ഉത്സവമായ തൃശ്ശൂർ പൂരത്തിൽ സ്ത്രീകളുടെ വളരുന്ന പങ്ക് ആഘോഷിക്കുക എന്നതാണ് 'ഈസ്റ്റേൺ പെൺ പൂരം' എന്ന ലക്ഷ്യത്തിലൂടെ ഞങ്ങൾ മുന്നോട്ട് വെക്കുന്നതെന്ന് ഈസ്റ്റേൺ സി.ഇ.ഒ. ഗിരീഷ് നായർ അഭിപ്രായപ്പെട്ടു.ഹൃദ്യയുടെ ജീവിതം 'ഈസ്റ്റേൺ പെൺ പൂരം' എന്ന ആശയത്തിന് ഏറ്റവും ഉചിതമായ ഉദാഹരണമാണ്. വരും വർഷങ്ങളിൽ കൂടുതൽ സ്ത്രീകൾ തൃശ്ശൂർ പൂരം പോലെയുള്ള സാംസ്കാരികോത്സവങ്ങളിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ ഇത് പ്രചോദനമായേക്കും എന്ന് കരുതുന്നുവെന്നും ഗിരീഷ് നായർ അഭിപ്രായപ്പെട്ടു.

# ഡോ. ബീമ ക്ലിനിക് ഫോർ ചൈൽഡ് ഡെവലപ്മെന്റ് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ഡോ. ബീമ ക്ലിനിക് ഫോർ ചൈൽഡ് ഡെവലപ്പ്മെന്റിന്റെ രണ്ടാമത്തെ ശാഖ ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. ആയുർവേദവും ആപ്ലൈഡ് ബിഹേവിയർ അനാലിസിസ് തെറാപ്പിയും സംയോജിപ്പിച്ച കുട്ടികളുടെ ആദ്യ ക്ലിനിക്കാണിത്.ചെറുപ്പത്തിൽ തന്നെ വളർച്ചാപരമായ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് സമയബന്ധിതമായ പരിഹാരങ്ങൾ ഉറപ്പാക്കുന്നതിനായി, വൈറ്റിലയിലെ ക്ലിനികിൽ ബുക്ക് ചെയ്യുന്ന ആദ്യ 10 കുട്ടികൾക്ക് സൗജന്യ ഡെവലപ്പ്മെന്റൽ സ്ക്രീനിംഗ് നല്കും. ആയുർവേദിക് ഡോക്ടറും ഇന്റർനാഷണൽ ബിഹേവിയറൽ അനലിസ്റ്റുമാണ് ഡോ.ബീമ എസ്. ക്ലിനിക്കിൽ ആയുർവേദ ചികിത്സയുടെയും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ബിഹേവിയറൽ തെറാപ്പിയുടെയും സമന്വയത്തിലൂടെ കുട്ടികൾക്ക് വ്യക്തിഗത പിന്തുണയും പരിശീലനവും ഉറപ്പാക്കുമെന്ന് ഡോ. എസ്. ബീമ് പറഞ്ഞു. രണ്ട് മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്കായാണ് ക്ലിനിക് പ്രവർത്തിക്കുന്നത്.

# ഉജ്ജീവൻ സ്മോൾ ഫൈനാൻസിന് 83.39 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** ബെംഗളൂരു ആസ്ഥാനമായുള്ള ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് മാർച്ച് 31 ന് അവസാനിച്ച പാദത്തിൽ 83.39 കോടി രൂപയുടെ അറ്റാദായം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അവസാന മൂന്ന് മാസങ്ങളിൽ അറ്റ പലിശ വരുമാനം അല്ലെങ്കിൽ നേടിയ പലിശയും നൽകിയ പലിശയും തമ്മിലുള്ള വ്യത്യാസം 864.31 കോടി രൂപയായി. ഒരു വർഷം മുമ്പ് ഇതേ കാലയളവിൽ ഇത് 933.54 കോടി രൂപയായിരുന്നു.മൈക്രോ ബാങ്കിംഗ് വിഭാഗത്തിലെ വെല്ലുവിളി നിറഞ്ഞ ബിസിനസ് അന്തരീക്ഷത്തെ മറികടന്ന് വ്യവസായ പോർട്ട്ഫോളിയോ നിലവാരത്തിൽ ഏറ്റവും മികച്ചത് നിലനിർത്തിക്കൊണ്ട് 2025 സാമ്പത്തിക വർഷം സംഭവബഹുലമായിരുന്നുവെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ സഞ്ജീവ് നൗട്ടിയാൽ പറഞ്ഞു.




# സാംസങിന്റെ പ്രീമിയം എഐ ക്യുഎൽ ഇഡി ടിവി സീരീസുകൾ ആമസോൺ, ഫ്ളിപ്കാർട്ട് വഴി ലഭിക്കും

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ എഐ കരുത്തോടുകൂടിയ ക്യുഎൽഇഡി ടിവിയും ക്രിസ്റ്റൽ ക്ലിയർ 4കെ യുഎച്ച്ഡി ടിവിയും ആമസോൺ, ഫ് ളിപ് കാർട്ട്, സാംസങ്.കോം എന്നീ പ്ലാറ്റ്ഫോമുകളിൽ മെയ് ഒന്നുമുതൽ വിൽപ്പന ആരംഭിച്ചു. ടെലിവിഷൻ കാഴ്ചാനുഭവത്തെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതിനായി എഐ ഫീച്ചറുകളോടുകൂടിയ ക്യുഎൽഇഡി സീരീസ് ക്യുഇഎഫ്1, ക്രിസ്റ്റൽ ക്ലിയർ 4കെ യുഎച്ച്ഡി സീരീസുകളിൽ യുഇ81, യുഇ84, യുഇ86 എന്നീ മോഡലുകളാണ് സാംസങ് ഉപഭോക്താക്കൾക്ക് മുന്നിലേക്കെത്തിക്കുന്നത്. ഈടും മികച്ച കളർ കൃത്യതയും ഉറപ്പുനൽകുന്നതിനായി റിയൽ ആൻഡ് സേഫ് ക്വാണ്ടം ഡോട് ടെക്നോളജിയാണ് ക്യുഎൽഇഡി ടിവിയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇവ കാഡ്മിയം രഹിതവുമാണ്. ക്യാൻസറിന് കാരണമായേക്കാവുന്ന കാഡ്മിയം ഒഴിവാക്കുന്നതിലൂടെ മികച്ച പ്രകടനത്തിനൊപ്പം സുരക്ഷയും ഉറപ്പുവരുത്തുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.കൃത്യതയാർന്ന ദൃശ്യങ്ങളും, വ്യക്തതയുള്ള ശബ്ദവും ഒപ്പം കൂടുതൽ വ്യക്തിഗത കാഴ്ചാനുഭവവും നൽകുന്നതിനായി സാംസങിന്റെ ഏറ്റവും പുതിയ ക്യു4 എഐ പ്രൊസസറിലൂടെ കണ്ടന്റുകൾ തത്സമയം അനലൈസ് ചെയ്യുകയും ഒപ്റ്റിമൈസ് ചെയ്യുകയും ചെയ്യുന്നു. സാംസങ് വിഷൻ എഐ രംഗങ്ങൾ തിരിച്ചറിഞ്ഞ് പിക്ചർ ക്വാളിറ്റി മെച്ചപ്പെടുത്തുന്നു. സാംസങിന്റെ ക്നോക്സ് സെക്യൂരിറ്റി ഉപഭോക്താവിന്റെയും കണക്ട് ചെയ്യപ്പെട്ടിരുന്ന ഡിവൈസുകളുടേയും സുരക്ഷ ഉറപ്പുവരുത്തുന്നു. കൂടാതെ പുതിയ ലൈനപ്പിൽ പരിമിതിയില്ലാത്ത സൗജന്യ കണ്ടന്റും സാംസങ് വാഗ്ദാനം ചെയ്യുന്നുണ്ട്. സമ്മേളനം എന്നാണ് അവസാനിക്കുന്നത്




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com